# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.468

### 05-06-2018 ൽ മറുപടിക്ക്

### വികസന പദ്ധതികൾക്കായി വിദേശ മലയാളികളിൽ നിന്ന് ധനസമാഹരണം

| ചോദ്യം<br>ശ്രീ.സി. മമ്മൂട്ടി | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ ഏതൊക്കെ റോഡ് വികസന പദ്ധതികൾക്കാണ് വിദേശ മലയാളികളിൽ നിന്ന് പണം സമാഹരിക്കാൻ സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നത്; ഏതൊക്കെ രീതിയിൽ; എത്ര തുക വരെയാണ് ആകെ ഈ രീതിയിൽ സ്വരൂപിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കാമോ; | ഏതെങ്കിലും ഒരു പദ്ധതിയ്ക്ക് വേണ്ടി എന്ന രീതിയിൽ കിഫ്ബി വിദേശ മലയാളികളിൽ നിന്നും ധനസമാഹരണം നടത്താൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ കെ.എസ്.എഫ്.ഇ യുമായി സഹകരിച്ച് മുന്നോട്ട് പോകുന്ന പ്രവാസി ചിട്ടിയിൽ നിന്നും ലഭിക്കുന്ന ഫ്ലോട്ട് ഫണ്ട് കിഫ്ബി ബോണ്ടുകളിൽ നിക്ഷേപിക്കുവാനും ഇത് റോഡ് പദ്ധതികൾ ഉൾപ്പെടെയുള്ള കിഫ്ബിയുടെ വിവിധ പദ്ധതികളുടെ നടത്തിപ്പിനായി വിനിയോഗിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. ഏകദേശം 10,000 കോടി രൂപയോളം ഈ രീതിയിൽ സമാഹരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) ഇവ സമാഹരിക്കുമ്പോൾ പ്രസ്തുത തുക തിരിച്ച് നൽകുന്ന രീതിയെ സംബന്ധിച്ച് സ്വീകർത്താവ് ദാതാവുമായി ധാരണ ഉണ്ടാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ; | കെ.എസ്.എഫ്.ഇ യുടെ പ്രവാസി ചിട്ടിയിലൂടെ ഉണ്ടാകുന്ന ഫ്ലോട്ട് ഫണ്ടാണ് കിഫ്ബി ഫണ്ടുകളിൽ നിക്ഷേപിക്കുന്നത്. ഈ തുക തിരികെ കെ.എസ്.എഫ്.ഇ ക്ക് ലഭിക്കുന്നതിനുള്ള സംവിധാനങ്ങൾ ഈ ക്രമീകരണത്തിലുണ്ടാകും. ചിട്ടി വരിക്കാർ കെ.എസ്.എഫ്.ഇ ക്കാണ് പണം നൽകുന്നത്. ചിട്ടി ബിസിനസിലുണ്ടാകുന്ന ഫ്ലോട്ട് ഫണ്ട് കെ.എസ്.എഫ്.ഇ യാണ് കിഫ്ബിയിൽ നിക്ഷേപിക്കുന്നത്. ഇവിടെ ദാതാവ് കെ.എസ്.എഫ്.ഇ യും സ്വീകർത്താവ് കിഫ്ബിയുമാണ്. നിയമപ്രകാരം ഉറപ്പാക്കപ്പെട്ടിട്ടുള്ള കിഫ്ബിയുടെ വരുമാനത്തിൽ നിന്നുമാണ് ഈ തുകയും തിരിച്ചടയ്ക്കുന്നത്. കിഫ്ബി വിവിധ മാർഗ്ഗങ്ങളിലൂടെ സമാഹരിക്കുന്ന പണം |

| | |
|---|---|
| | ഇത്തരം വരുമാനം വഴിയുണ്ടാകുന്ന തിരിച്ചടവ് ശേഷിക്ക് ആനുപാതികമായി നിജപ്പെടുത്തുന്നതാണ്. |
| (സി) പണം സ്വീകരിക്കുന്നത് റോഡ് ഉൾപ്പെടെയുള്ള മറ്റ് എന്തെല്ലാം വികസന പദ്ധതികൾക്ക് കൂടി വിനിയോഗിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | റോഡുകൾ, പാലങ്ങൾ, ജലസേചന പദ്ധതികൾ, ആശുപത്രികൾ, സ്കൂളുകൾ, ഐ.റ്റി പാർക്കുകൾ, തുടങ്ങി വിവധ മേഖലയിലെ പദ്ധതികളുടെ നിർവ്വഹണത്തിനായി ടി തുക വിനിയോഗിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ